"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജി.സി.ഡി.എ. - എളംകുളം വില്ലേജിലെ സർവ്വേ നമ്പർ 906/1-ൽ ഉൾപ്പെട്ട 54.30 ച.മീറ്റർ സ്ഥലം ശ്രീ.സജീവ്.എസ്-ന് തീറാധാരം ചെയ്തു നൽകുന്നതിന് കേരള ടൗൺ & കൺട്രി പ്ലാനിംഗ് (ഡവലപ്മെന്റ് അതോറിറ്റി) റൂൾസ്, 2015 അദ്ധ്യായം 5, റൂൾ 47 പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

G.O.(Rt) No.873/2020/LSGD തീയതി,തിരുവനന്തപുരം, 12/05/2020

---

പരാമർശം:- 1 ശ്രീ.പി.ജി.ശശീന്ദ്രൻ നായർ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് 09.11.2018-ൽ നൽകിയ പരാതി.

2 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 22/11/2018-ലെ CPSP-4-35488/DVAB നമ്പർ കത്ത്

3 ജി.സി.ഡി.എ. സെക്രട്ടറിയുടെ 12..02.2019, 25.03.2019 എന്നീ തീയതികളിലെ 8176/എസ്റ്റേറ്റ്/ബി-1/11/ജി.സി.ഡി.എ. നമ്പർ കത്തുകൾ.

4 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വിഭാഗം നടത്തിയ അന്വേഷണത്തിന്റെ റിപ്പോർട്ട്.

**<u>ഉത്തരവ്</u>**

ശ്രീ.സജീവ്.എസ്-ന് വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ.) അനുവദിച്ചു നൽകിയ 1.342 സെന്റ് സ്ഥലത്തിന് 2,70,000/- രൂപ നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും ജി.സി.ഡി.എ. സെക്രട്ടറി ആധാരം തടഞ്ഞു വച്ചിരിക്കുന്നു എന്നാരോപിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് പരാമർശം (1) പ്രകാരം ലഭ്യമായ പരാതി പരാമർശം(2) പ്രകാരം തുടർ നടപടിക്കായി വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. പ്രസ്തുത പരാതിയിൻമേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തുകയും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഹെഡ് ക്വാർട്ടേഴ്സ് ടീം സ്ഥലം സന്ദർശിച്ച് അന്വേഷണം നടത്തി പരാമർശം(4) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അന്വേഷണ സംഘം ശ്രീ.സജീവ് എസ്. താമസിക്കുന്ന വീടും സ്ഥലവും നേരിട്ട് സന്ദർശിച്ച് പരിശോധന നടത്തിയതിൽ ടിയാന് അടിയന്തിരമായി ഭൂമി ലഭിക്കേണ്ട സാഹചര്യമാണ് നിലവിലുള്ളതെന്നും വളരെ ശോചനീയമായ അവസ്ഥയിലാണ് ഭിന്നശേഷിക്കാരനും രോഗിയുമായ ടിയാനും ഭാര്യയും 2 പെൺമക്കളും അടങ്ങുന്ന കുടുംബം താമസിക്കുന്നതെന്നും ബോദ്ധ്യമായിട്ടുണ്ട്. ഭൂമിയുടെ ഉടമസ്ഥാവകാശം ഇല്ലാത്തതിനാൽ സർക്കാർ പദ്ധതികളുടെ ആനുകൂല്യം ടിയാന് ലഭിക്കുന്നില്ല. 2017 ഫെബ്രുവരി മാസത്തിൽ തന്നെ ജി.സി.ഡി.എ. നിശ്ചയിച്ച മുഴുവൻ തുകയും

ടിയാൻ അടച്ച തീർത്തിരുന്നു. മാത്രമല്ല മുകളിലൂടെ 11 KV ലൈൻ കടന്നുപോകുന്നതിനാൽ വിതരണം ചെയ്യാതെ ഒഴിഞ്ഞു കിടന്ന ഭൂമിയുമാണിത്. അന്വേഷണത്തിൽ വെളിവായിട്ടുള്ള പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് ശ്രീ. സജീവിന് ഭൂമി ആധാരം ചെയ്ത് നല്കുവാൻ സർക്കാർ അനുമതി നല്കുന്നതിനുള്ള അപേക്ഷ അനുഭാവപൂർവ്വം പരിഗണിക്കാൻ അന്വേഷണ റിപ്പോർട്ടിൽ ശുപാർശ ചെയ്തിട്ടുണ്ട്.

3. ശ്രീ.സജീവ് എസ്-ന് അനുവദിച്ചിട്ടുള്ള എളംകുളം വില്ലേജിലെ സർവ്വേ നമ്പർ 906/1-ൽ ഉൾപ്പെട്ട 54.30 ച.മീറ്റർ സ്ഥലം ടിയാന്റെ പേരിൽ തീറാധാരം ചെയ്തു നൽകുന്നതിന് കേരള ടൗൺ & കൺട്രി പ്ലാനിംഗ് (ഡവലപ്മെന്റ് അതോറിറ്റി) റൂൾസ്, 2015 അദ്ധ്യായം 5, റൂൾ 47 പ്രകാരം അനുമതി നകുന്നതിനായി ജി.സി.ഡി.എ. സെക്രട്ടറി പരാമർശം (3) പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജി.സി.ഡി.എ. സെക്രട്ടറി പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിലും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് വകുപ്പ് ഹെഡ് ക്വാർട്ടേഴ്സ് വിഭാഗം അന്വേഷണം നടത്തി പരാമർശം (4) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിലെ കണ്ടെത്തലുകളുടെയും ശുപാർശയുടെയും അടിസ്ഥാനത്തിലും എളംകുളം വില്ലേജിലെ സർവ്വേ നമ്പർ 906/1-ൽ ഉൾപ്പെട്ട 54.30 ച.മീറ്റർ സ്ഥലം ശ്രീ.സജീവ് എസ്-ന് തീറാധാരം ചെയ്തു നൽകുന്നതിന് കേരള ടൗൺ & കൺട്രി പ്ലാനിംഗ് (ഡവലപ്മെന്റ് അതോറിറ്റി) റൂൾസ്, 2015 അദ്ധ്യായം 5, റൂൾ 47 പ്രകാരം അനുമതി നൽകി ഉത്തരവാകുന്നു. ശ്രീ. സജീവിന് അനുവദിച്ചിട്ടുള്ള ഭൂമിയിൽ നടത്തിയിട്ടുള്ള അനധികൃത കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് ആ വിവരം സമയബന്ധിതമായി സർക്കാരിൽ റിപ്പോർട്ട് ചെയ്യാൻ ജി.സി.ഡി.എ. സെക്രട്ടറിക്ക് കർശന നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINI MOL D
JOINT SECRETARY

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി
ശ്രീ.പി.ജി.ശശീന്ദ്രൻ നായർ (pgsconf@gmail.com മുഖേന )
ശ്രീ.സജീവ് എസ്. (സെക്രട്ടറി, ജി.സി.ഡി.എ മുഖേന )

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ),കേരളം, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (ജി.&എസ്.എസ്.എ./ ഇ.& ആർ.എസ്.എ.),കേരളം, തിരുവനന്തപുരം
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റ്
തദ്ദേശ സ്വയംഭരണ (എ.എ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ